# Malayala Manorama

## 19 August 2018

## Thiruvananthapuram, Flood, Rescue Activity

# ഇന്നലെ രക്ഷപ്പെടുത്തിയത് അരലക്ഷത്തിലേറെ പേരെ

തിരുവനന്തപുരം • സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയദുരിതത്തെ അതിജീവിക്കാനുള്ള പോരാട്ടത്തിൽ കൈകോർത്ത് കേരളം. ഇന്നലെ അരലക്ഷത്തിലേറെ പേരെ പ്രളയക്കെടുതിയിൽ നിന്നു രക്ഷിച്ചെന്നാണ് ഔദ്യോഗിക കണക്ക്.

ദിവസങ്ങളായി അഭ്യർഥിച്ചിട്ടും പലയിടത്തും രക്ഷാപ്രവർത്തകർ എത്തിയില്ലെന്ന പരാതികൾ വ്യാപകമായി സർക്കാരിനു ലഭിക്കുന്നുണ്ട്.

വെള്ളവും ഭക്ഷണവുമെങ്കിലും എത്തിച്ചുതരൂ എന്നാണ് അവരുടെ അഭ്യർഥന. ദുരിതാശ്വാസ ക്യാംപുകളിലും ആവശ്യത്തിനു ഭക്ഷണവും വെള്ളവും ലഭിക്കുന്നില്ലെന്ന പരാതികളും വ്യാപകമാണ്. സഹായാഭ്യർഥനകളുടെ ആധിക്യംമൂലം കൺട്രോൾ റൂമുകളിൽ നിന്ന് കൃത്യമായ വിവരങ്ങളോ പ്രതികരണങ്ങളോ ലഭ്യമല്ല.

ജില്ലകളിൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിൽ വീഴ്ചയുണ്ടെന്ന് ജനപ്രതിനിധികൾ ഉൾപ്പെടെ പരാതിപ്പെടുന്നു. തിരുവനന്തപുരത്തും കൊച്ചിയിലുമൊക്കെ ഭക്ഷണവും വസ്ത്രങ്ങളും മരുന്നും സമാഹരിക്കുന്നുണ്ടെങ്കിലും ദുരിതമേഖലകളിലെല്ലാം വിതരണം ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം കഴിയുന്നില്ല. രക്ഷാപ്രവർത്തനം നടത്തുന്ന മൽസ്യത്തൊഴിലാളികൾക്ക് ഉൾപ്പെടെ ഭക്ഷണത്തിനോ വിശ്രമത്തിനോ സംവിധാനങ്ങളില്ലെന്ന പരാതിയുമുണ്ട്.